കേരള നിയമസഭാ നടപടികൾ

ആറാം കേരള നിയമസഭ

ഏഴാം സമ്മേളനം

1982 ഫെബ്രുവരി 4, വ്യാഴം

വാല്യം LV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ 1982 ഫെബ്രുവരി 4-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. മേശപ്പുറത്തുവച്ച കടലാസുകൾ

(1) ഉപമുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ) : സർ, 1982-ലെ കേരള അവശ്യസാധന നിയന്ത്രണം (താൽക്കാലിക അധികാരങ്ങൾ) തുടർന്നു പോകൽ ഓർഡിനൻസ് (1982-ലെ 1-ാം നമ്പർ ഓർഡിനൻസ്) മേശപ്പുറത്തു വയ്ക്കുന്നു.

(2) തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. സി. എം. സുന്ദരം) :

സർ, 1981-ലെ കേരളാ മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (1981-ലെ 6-ാം നമ്പർ ഓർഡിനൻസ്) മേശപ്പുറത്തു വയ്ക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : Sir, Point of order. When the House is discussing a no confidence motion, it is not permissible and advisable to discuss any other Government business. ഇതിനൊരു റൂളിംഗ് വേണം. നോ കോൺഫിഡൻസ് പ്രമേയം ചർച്ച ചെയ്തു കൊണ്ടിരിക്കുമ്പോൾ ഗവൺമെന്റ് ബിസിനസ് യാതൊന്നും ട്രാൻസാക്ട് ചെയ്യാൻ പാടില്ലെന്ന് നിയമത്തിൽ വ്യവസ്ഥയുണ്ട്. അതനുസരിച്ച് ഇവിടെ നോ കോൺഫിഡൻസ് മോഷൻ സഭയിലിരിക്കുമ്പോൾ അതു തീരാതെ intervening ആയിട്ട് ആ discussion-നെ കുറിച്ചു ഒരു തീരുമാനമെടുക്കുന്നതിന് മുമ്പ്, in the midst of the discussion ഗവൺമെന്റ് ബിസിനസ് ട്രാൻസാക്ട് ചെയ്യാൻ പാടില്ലെന്നുള്ളതാണ് കൺവെൻഷൻ. അതുകൊണ്ട് അതിനൊരു റൂളിംഗ് വേണം. അങ്ങ് നിഷ്പക്ഷമായി റൂളിംഗ് തരണം.

ധനകാര്യവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി) : നിയമസഭയുടെ റൂളുകൾ അനുസരിച്ചു തന്നെ ചില പേപ്പേഴ്സ് നിയമസഭയുടെ മേശപ്പുറത്തു വയ്ക്കേണ്ടതായിട്ടുണ്ട്. നോ കോൺഫിഡൻസ് മോഷന്റെ ഡിസ്കഷൻ അതിനു ബാധകമല്ല.

2/2076/82/V.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഞാൻ റൂളിംഗ് ആവശ്യപ്പെട്ടത് ചെയറിൽ നിന്നാണ്. മാണിയും ഞാനുമായി വേറെ സംസാരിച്ചുകൊള്ളാം. എനിക്ക് റൂളിംഗ് വേണം. കൺവെൻഷൻസ് ഉണ്ട്. ഹൗസ് ഓഫ് കോമൺസിന്റെ കൺവെൻഷൻസ് ഉണ്ട്. ഒരു പ്രമേയം ചർച്ച ചെയ്യുമ്പോൾ പ്രത്യേകിച്ച് നോ കോൺഫിഡൻസ് മോഷൻ ചർച്ച ചെയ്യുമ്പോൾ വേറെയൊരു ഗവൺമെന്റ് ബിസിനസും ചർച്ച ചെയ്യരുതെന്നാണ് കൺവെൻഷൻ.

ശ്രീ. കെ. എം. മാണി : അങ്ങനെയാണെങ്കിൽ മന്ത്രിമാർക്ക് ഇവിടെ ഇരിക്കാൻപോലും നിർവ്വാഹമില്ലാതെ വരും. ഈ മോഷൻ പാസ്സാവുന്നതു വരെ ഗവൺമെന്റ് ഗവൺമെന്റാണ്.

(ബഹളം)

ശ്രീ. ടി. കെ. രാമകൃഷ്ണൻ : അരമണിക്കൂർ അരമണിക്കൂർ കൂടുമ്പോൾ മാറുന്ന മാണിക്ക് എന്തും പറയാം.

ശ്രീ. കെ. ശങ്കരനാരായണൻ : ഇതൊന്നും പുതുമയുള്ള കാര്യങ്ങളും ഒന്നും അല്ല.

മിസ്റ്റർ സ്പീക്കർ : ഇവിടെ പറഞ്ഞതുപോലെ തന്നെ വളരെ പ്രധാനപ്പെട്ട ഓർഡിനൻസുകൾ ഇറക്കിയിട്ടുള്ളത് ഈ കൂടുന്ന നിയമസഭയിൽ വയ്ക്കേണ്ടതു മാത്രമേ വച്ചിട്ടുള്ളൂ. അതിനെക്കുറിച്ച് ചർച്ചകളും ഒന്നും ഇല്ല. അതുകൊണ്ട് അത് ഓർഡറിലാണ്. നമുക്ക് അടുത്ത ചർച്ചയിലേക്ക് കടക്കാം.

ശ്രീ. കെ. പങ്കജാക്ഷൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഇന്നലെ ഇവിടെ പാർട്ടികളുടെ പേരുകളെ സംബന്ധിച്ചും മറ്റും ചില തർക്കങ്ങളും ഉന്നയിക്കപ്പെട്ടു. അത് പരിശോധിച്ച് ആവശ്യമായ തീരുമാനം, നേതാക്കൻമാരുമായി ചർച്ച നടത്തി, എടുക്കുന്നതാണെന്ന് അങ്ങ് ഉറപ്പു നൽകുകയും ചെയ്തു. എന്നാൽ ഇന്ന് അഖിലേന്ത്യാ അംഗീകാരമുള്ള ജനതാപാർട്ടിയുടെ അംഗീകൃത നേതാവ് ശ്രീ. ചന്ദ്രശേഖരനെ ഇന്നലത്തെ അദ്ധേഹത്തിന്റെ സീറ്റിൽ നിന്ന് മാറ്റിയിരുത്തിയിരിക്കുന്നതായി കാണുന്നു. അങ്ങ് ഈ കാര്യത്തിൽ എന്തു തീരുമാനം എടുത്തു എന്ന് അറിയുന്നതിനുവേണ്ടിയാണ് ഞാൻ അത് ചോദിച്ചത്.

മിസ്റ്റർ സ്പീക്കർ : പാർട്ടിയുടെ പേരിന്റെ കാര്യത്തെ സംബന്ധിച്ചിടത്തോളം ചെയറിൽ നിന്ന് തീരുമാനം എടുത്തിട്ടില്ല. അതിൽ പല പ്രശ്നങ്ങളും ഉൽഭവിച്ചിട്ടുള്ളതുകൊണ്ട് ബന്ധപ്പെട്ട എല്ലാവരേയും വിളിച്ച് ചർച്ച ചെയ്തതിനുശേഷമേ തീരുമാനം എടുക്കാവൂ എന്നാണ് ഞാൻ തീരുമാനിച്ചിട്ടുള്ളത്. സീറ്റിംഗ് അറേൻജ്മെന്റിന്റെ കാര്യത്തെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട സഭയ്ക്ക് അറിയാം അംഗസംഖ്യ കൂടുതലുള്ള ഏതു ഗ്രൂപ്പാണോ അതിന്റെ നേതാവായിരിക്കും സാധാരണ മുൻ ബഞ്ചിൽ ഇരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട ശ്രീമതി കമലം നേതാവായിട്ടുള്ള ഗ്രൂപ്പിൽ മൂന്നുപേർ ഉള്ളതുകൊണ്ട് അവർക്ക് മുൻപിൽ സീറ്റു കൊടുത്തിരിക്കുകയാണ്, അതാണ് തീരുമാനം.

ശ്രീ. കെ. പങ്കജാക്ഷൻ : അങ്ങനെയാണെങ്കിൽ ശ്രീമതി കമലത്തിന് ഭരണപക്ഷത്ത് ഒരു സീറ്റു നൽകേണ്ടതായിരുന്നു. പ്രതിപക്ഷത്ത് നൽകിയത് ശരിയായില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബഹളം)

അതുകൊണ്ടാണ് പോയിന്റ് ഓഫ് ഓർഡർ ഞാൻ ഉന്നയിച്ചത്".

(ബഹളം)

ശ്രീ. പി. ജെ. ജോസഫ് : കഴിഞ്ഞ തവണ ഭരണകക്ഷിയിൽപ്പെട്ട ശ്രീ. ഉമ്മൻ ചാണ്ടിയും, ശ്രീ. പി. കെ. വാസുദേവൻ നായരും അപ്പുറത്തുതന്നെയാണ് ഇരുന്നത് എന്നുള്ള കാര്യം എന്താണ് മറന്നു പോകുന്നത്.

(ബഹളം)

ശ്രീ. കെ. പങ്കജാക്ഷൻ : വൈഭാഗീയമായ ഒരു കാര്യമായതുകൊണ്ട് ഇത് ചൂണ്ടിക്കാണിക്കാതിരിക്കാൻ നിവർത്തിയില്ലാത്തതുകൊണ്ട് ചൂണ്ടിക്കാണിക്കുകയാണ്.

(ബഹളം)

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ സഭയിലെ നാഥനായ അങ്ങയുടെ പക്കൽ ഒരു പ്രിവിലേജ് നോട്ടീസ് ഞാൻ തന്നിട്ടുണ്ട്. It is my right. ഈ റൈറ്റിനെ സംബന്ധിച്ചിടത്തോളം Whether the Chair has taken a decision. I request with the permission of the Chair to move that privilege motion. It is my birth right.

മിസ്റ്റർ സ്പീക്കർ : പോയിന്റ് ഓഫ് ഓർഡർ ഇല്ലാത്ത കാര്യമാണ് ഇതു പരിശോധിച്ചു വേണ്ട തീരുമാനം സഭയെ അറിയിക്കുന്നതാണ്.

II അവിശ്വാസപ്രമേയം (ചർച്ച തുടർച്ച)

ശ്രീ. ജോസ് കുറിയാനി : സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ എതിർക്കുകയാണ്. അവിശ്വാസപ്രമേയം അവതരിപ്പിച്ചുകൊണ്ട് പ്രതിപക്ഷത്തുനിന്നും സംസാരിച്ചവർ ഇങ്ങനെയൊരു മന്ത്രിസഭ ഉണ്ടാക്കുന്നതിനുവേണ്ടി ഗവർണർ അനുമതി നൽകിയത് തെറ്റ് എന്നതു മുഖ്യപ്രതിയുള്ള ആക്ഷേപമാണ് ഉന്നയിച്ചത്. ഇൻഡ്യൻ ഭരണഘടന വായിച്ചിട്ടുള്ള ആർക്കും ആ വാദഗതിയോട് യോജിക്കാൻ സാദ്ധ്യമല്ല, ഇന്നലെ ശ്രീ. പി. എസ്. ശ്രീനിവാസൻ സംസാരിച്ചപ്പോഴും ഭരണഘടനയിൽ ഗവർണർക്ക് ഇങ്ങനെ ഭൂരിപക്ഷമില്ലാത്ത ഒരു മുന്നണിയെ മന്ത്രിസഭ ഉണ്ടാക്കാൻ ക്ഷണിക്കാൻ അവകാശമില്ല എന്ന് സവിസ്തരം വാദിക്കുന്നതു കേട്ടു. ആ വാദം അടിസ്ഥാനരഹിതമാണെന്ന് സ്ഥാപിക്കുന്നതിന് ഭരണഘടനയുടെ 175-ാം വകുപ്പ് വായിച്ചാൽ മനസ്സിലാകുമെന്നുമാത്രമേ എനിക്ക് അതിനെക്കുറിച്ച് മറുപടി പറയാനുള്ളു.

അതുപോലെതന്നെ കാസ്റ്റിംഗ് വോട്ടിൽ ഒരു മന്ത്രിസഭ നിലനിൽക്കുന്നത് ശരിയല്ല എന്നുള്ള വാദവും ആ ഭാഗത്തുനിന്ന് ഉന്നയിക്കുകയുണ്ടായി. കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്താൻ സ്പീക്കർക്ക് അധികാരം നൽകിയിരിക്കുന്നത് എന്തിനുവേണ്ടിയാണ് എന്നുള്ളതു മനസ്സിലാക്കുമ്പോൾ അതിന്റെ ആവശ്യകത മനസ്സിലാകുന്നുണ്ട് എന്നുള്ളതുകൊണ്ട് അതേപ്പറ്റി പരാമർശിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നില്ല. പിന്നീട് കാലുമാറിക്കാരെ ഉപ്പെടുത്തിയിട്ടുള്ള മന്ത്രിസഭയാണ് എന്നുള്ള ആക്ഷേപമാണ് പ്രമേയാവതാരകൻ ഉന്നയിച്ചത്. ആ ആക്ഷേപം പറഞ്ഞതു ശ്രീമാൻ ഷൺമുഖദാസ് ആണെന്ന് മനസ്സിലാക്കുമ്പോൾ കാലുമാറ്റത്തിന്റെ ചരിത്രം സൃഷ്ടിച്ച ഷൺമുഖദാസിനും അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന അദ്ദേഹത്തിന്റെ പാർട്ടിക്കും ഇതു പറയാൻ എന്തവകാശമുണ്ടെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

1981 ഒക്ടോബർ മാസം 16-ാം തീയതി വേളിയിൽവച്ച് കൂടിയ (എസ്) കോൺഗ്രസ്സിന്റെ എക്സിക്യൂട്ടീവ് യോഗം അന്നത്തെ മന്ത്രിസഭയ്ക്കുള്ള

LIBRARY ARCHIVES Kerala Legislative Assembly